(ബി) അടിയന്തിരമായി പോലീസ് കാർട്ടേഴ്സ് റാന്നിയിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകാര്യമായ ടെൻഡർ ലഭിക്കാതിരുന്നതുകൊണ്ടാണ് നിർമ്മാണത്തിനു കാലതാമസമുണ്ടായത്.

(ബി) പണി തുടങ്ങാനുള്ള ഏർപ്പാടുകൾ പൊതു മരാമത്തു വകുപ്പു സ്വീകരിച്ചുകഴിഞ്ഞു.

റാന്നി—പെരുനാട് പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ

995 [1604] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

റാന്നി—പെരുനാട് പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവ്

996 [1605] ശ്രീമതി ഓർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവർദ്ധനവിനുള്ള വല്ലനിർദ്ദേശവും ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെല്ലാം;

(സി) 1970-നു ശേഷം സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം എത്രപ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) രണ്ടുപ്രാവശ്യം 1-7-1973-ലും, 1-7-1978-ലും സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും പരിഷ്കരിക്കുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II റിപ്പോർട്ട് സമർപ്പണം

(i) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 23-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly